Jagratha - 058

Vol-2, Issue: 24
22-07- 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

*01. കത്തോലിക്കാ സഭയ്ക്കു വേണ്ട ലാഭം മനുഷ്യനന്മ മാത്രം.*
*02. കത്തോലിക്കാ സഭ സമരം ശക്തമാക്കും: ഫാമിലി കമ്മീഷൻ.*
*03. അക്രമത്തെ പ്രോത്സാഹിപ്പിക്കരുത്: കാതോലിക്കാ ബാവ.*
*04. സർക്കാരിൽ നിന്നുള്ള തിക്താനുഭവങ്ങളെ ചെറുക്കാൻ കെ.ആർ.എൽ.സി.സി തീരുമാനം.*
*05. അധ്യാപകൻ മരിക്കാനിടയായ സംഭവത്തിൽ കർദ്ദിനാൾ വർക്കി വിതയത്തിൽ അനുശോചിച്ചു.*

## 01. കത്തോലിക്കാ സഭയ്ക്കു വേണ്ട ലാഭം മനുഷ്യനന്മ മാത്രം: ഐക്യ-ജാഗ്രതാ കമ്മീഷൻ.

കേരളത്തിലെ വളരെ സജീവമായ ഒരു സമൂഹമാണ് കത്തോലിക്കാ സഭ. വ്യവസ്ഥാപിതമായ ഒരു ഭരണ സംവിധാനവും ശക്തമായ നേതൃത്വവും ഈ സമുദായത്തിനുണ്ട്. സഭയുടെയും സഭാനേതാക്കളുടെയും അഭിപ്രായങ്ങളും നിലപാടുകളും ഈയിടെയായി പൊതുവേദികളിൽ ധാരാളം ചർച്ച ചെയ്യപ്പെടുകും വിമർശിക്കപ്പെടുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ രംഗത്തു സഭ നടത്തുന്ന ധീരമായ ഇടപെടലുകളും കാൽവെയ്പുകളുമാണ് ഈ ചർച്ചകൾക്കും വിവാദങ്ങൾക്കും ഇടയാക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസവും പാഠപുസ്തക വിവാദവും മറ്റും സഭയെ ശ്രദ്ധാവിഷയമാക്കി. വിദ്യാഭ്യാസ രംഗത്ത് സഭയ്ക്ക് നിക്ഷിപ്ത താൽപര്യങ്ങൾ എന്തൊക്കെയോ ഉണ്ടെന്നുള്ള ധാരണയാണ് വിവാദ സൃഷ്ടാക്കൾ ബോധപൂർവ്വം പരത്തുന്നത്. ലാഭമോഹമാണ് ചില സഭാസ്ഥാപന മേധാവികൾക്കുള്ളതെന്നു ആരോപിക്കുവാൻ പോലും ഇവർ മടിച്ചില്ല. എന്നാൽ എന്താണ് യാഥാർത്ഥ്യം?

സമൂഹത്തിന്റെ പുരോഗതിയിലും ഭാവിയിലും സഭയ്ക്കുള്ള ആത്മാർത്ഥവും നിസ്വാർത്ഥവും വിശാലവുമായ താൽപര്യങ്ങൾ തന്നെയാണ് വിദ്യാഭ്യാസ രംഗത്തും പ്രതിഫലിക്കുന്നത്. മനുഷ്യസമൂഹത്തിന് ഉപകാരപ്രദമായ എല്ലാ മേഖലകളിലും സഭ പ്രവർത്തിക്കുന്നുണ്ട്. അവിടെയൊന്നും ലാഭമോഹമില്ലാതെ, സേവനം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സഭ വിദ്യാഭ്യാസ രഗത്തുമാത്രം ലാഭം ലക്ഷ്യമാക്കുന്നതെന്തിന്? ഭരണാധികാരത്തിൽ മാറി മാറി വരുന്നവരുടെ ദീർഘവീക്ഷണമില്ലാത്ത കാഴ്ചപ്പാടുകൾക്കും വികലമായ പ്രത്യയശാസ്ത്രങ്ങൾക്കും അനുസരിച്ച് സഭയുടെ വിദ്യാഭ്യാസ വീക്ഷണം മാറ്റി മറിക്കുക സാധ്യമല്ല. ഒരു സാർവ്വത്രിക കാഴ്ചപ്പാടോടു കൂടിയാണ് സഭ വിദ്യാഭ്യാസ സേവനം നിർവ്വഹിക്കുന്നത്. സ്വദേശത്തും വിദേശത്തും ഉന്നതമായ ഗവേഷണ പഠനങ്ങൾ നടത്തിയിട്ടുള്ള നിരവധി വിദ്യാഭ്യാസ വിദഗ്ദ്ധർ സഭയിലുണ്ട്. അവരാണ് സഭയുടെ വിദ്യാഭ്യാസ ദർശനം രൂപപ്പെടുത്തിയിരിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതും. അല്ലാതെ രാഷ്ട്രീയപാർട്ടികളുടെ മുറിവൈദ്യന്മാരല്ല.

മനുഷ്യനന്മയിലും സേവനത്തിലുമുള്ള സഭയുടെ പ്രതിബദ്ധത വ്യക്തമാക്കാൻ കേരളത്തിൽ സഭ നടത്തുന്ന സേവന പ്രവർത്തനങ്ങളിലൂടെ കണ്ണോടിച്ചാൽ മതി. നാൽപതിനായിരം പുരുഷ വനിത സന്യസ്തരാണ് കുടുംബ ജീവിതവും വിവാഹവും വേണ്ടെന്നു വച്ച് തങ്ങളുടെ ജീവിതമൊന്നാകെ മനുഷ്യ സേവനത്തിനായി നീക്കിവച്ചിരിക്കുന്നത്. വേറൊരു സമൂഹത്തിനും ഇങ്ങനെയൊരു സേവന ശക്തി അവകാശപ്പെടാനാവില്ല. ഉന്നത വിദ്യാഭ്യാസവും അർപ്പണബോധവുമുള്ള ഈ സന്യാസ സമൂഹത്തിന്റെ ഗുണമേന്മ സഭയുടെ എല്ലാ സംരംഭങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. സഭ നടത്തുന്ന വിപുലവും വിവിധവുമായ സേവന സ്ഥാപനങ്ങളുടെ ഏകദേശ ചിത്രം ഇതോടൊപ്പമുള്ള പട്ടികയിൽ നിന്ന് ലഭ്യമാണ്. കേരളത്തിലെ ജനസംഖ്യയിൽ ഏതാണ്ട് പതിനഞ്ച് ശതമാനം മാത്രമാണ് കത്തോലിക്കർ. (ശേഷം 3-ാം പേജിൽ )

# Statistics-Kerala Catholic Church

| | | | |
|---|---|---|---|
| 1. | Population | - | 48,19,410 |
| 2. | Dioceses | - | 29 |
| 3. | Parishes & Stations | - | 4,229 |
| 4. | Priests | - | 8,008 |
| | 1. Diocesean Priests | - | 4,560 |
| | 2. Religious Priests | - | 3448 |
| 5. | Nuns | - | 31,514 |
| 6. | Brothers | - | 992 |
| 7. | Educational Institutions | - | 5,881 |
| | 1. Ecclesiastical | - | 253 |
| | 2. Colleges | - | 111 |
| | 3. Higher Secondary | - | 272 |
| | 4. High Schools | - | 751 |
| | 5. UP Schools | - | 657 |
| | 6. LP Shools | - | 1,316 |
| | 7. Nursaries | - | 1,802 |
| | 8. Training Schools | - | 238 |
| | 9. Technical Schools | - | 406 |
| | 10. Professional Institutions- | | 75 |
| 8. | Orphanages | - | 305 |
| 9. | Hostels | - | 411 |
| 10. | Hospitals | - | 445 |
| 11 | Publications | - | 91 |

Based on - Cathoilc directory of India-2005-2006
Prepared by : KCBC- Social Harmony & Vigilance.

1-ാം പേജ് തുടർച്ച ⇨ പക്ഷേ, ജനസംഖ്യാനുപാതികമല്ല സഭ നടത്തുന്ന മനുഷ്യസേവന സംരംഭങ്ങളുടെ എണ്ണം. കേരളത്തിൽ ഏറ്റവുമധികം നേഴ്സറി സ്ക്കൂളുകൾ നടത്തുന്നത് സഭയാണ്. അപ്പോൾ ഏറ്റവുമധികം പ്രൊഫഷണൽ സ്ഥാപനങ്ങൾ നടത്തുന്നതും സഭയാകുന്നതിൽ അസ്വാഭാവികമായി എന്താണുള്ളത്? കേരളത്തിൽ എയ്ഡ്സ് രോഗികളെ ശുശ്രൂഷിക്കുന്ന സ്ഥാപനം തുടങ്ങിയത് കത്തോലിക്കാ സഭയാണ്. സർക്കാർ പോലും എയ്ഡ്സ് ബോധവത്ക്കരണത്തിൽ ഒതുങ്ങി നിന്നപ്പോൾ അവർക്ക് അഭയം നൽകാൻ മുന്നോട്ട് വന്നത് സഭയാണ്. എന്തു ലാഭം പ്രതീക്ഷിച്ചാണ് സഭ എയ്ഡ്സ് രോഗികളെ ശുശ്രൂഷിക്കുന്നത്? അതേ ലാഭം മാത്രമേ പ്രൊഫഷണൽ കോളേജ് നടത്തുമ്പോഴും സഭ പ്രതീക്ഷിക്കുന്നുള്ളൂ. അത് മനുഷ്യനന്മയും ക്ഷേമവുമല്ലാതെ മറ്റൊന്നുമല്ല.

## 2. കത്തോലിക്കാസഭ പാഠപുസ്തകസമരം ശക്തമാക്കും: കെ.സി.ബി.സി അല്മായ കമ്മീഷൻ

ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകം പൂർണമായി പിൻവലിക്കുന്നതുവരെ കേരള കത്തോലിക്കാ മെത്രാൻ സമിതി നിർദ്ദേശിച്ച രണ്ടാംഘട്ട സമരപരിപാടികൾ കത്തോലിക്കാസഭയിലെ ഇരുപത്തിയെട്ടോളം വരുന്ന വിവിധ അല്മായ സംഘടനകളിലൂടെ ശക്തമായി തുടരാൻ തീരുമാനിച്ചു. കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ കൊച്ചിയിലെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ കൂടിയ അല്മായ സംഘടനകളുടെ സംസ്ഥാന പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും യോഗത്തിലാണ് തീരുമാനങ്ങൾ കൈക്കൊണ്ടത്. കോർണർ യോഗങ്ങൾ, സാംസ്കാരികസദസ്, വാഹന പ്രചരണജാഥകൾ, റിലേ സത്യാഗ്രഹങ്ങൾ, ലഘുലേഖകളുടെ പ്രസിദ്ധീകരണം തുടങ്ങിയവയിലൂടെ പാഠപുസ്തകത്തിനെതിരേയുള്ള സമരപരിപാടികൾ സംഘടനാതലത്തിൽ നടപ്പിലാക്കും. ഏഴാം ക്ലാസ്സിലെ പാഠപുസ്തകം പിൻവലിക്കുന്നതുവരെ നടത്തുന്ന സമരം ധാർമ്മിക സമരം ആയതുകൊണ്ട് തത്വങ്ങളും മൂല്യങ്ങളും ബലികഴിച്ചുകൊണ്ട് വിട്ടു വീഴ്ച ചെയ്യാൻ സാധ്യമല്ല. കേവലം കൂട്ടിച്ചേർക്കലും തിരുത്തലുകളും നടത്തി പാഠപുസ്തകം പുനരവതരിപ്പിക്കാനുള്ള തീരുമാനം സ്വീകാര്യമല്ല.

സംസ്ഥാനതലത്തിൽ രണ്ടാംഘട്ട സമരപരിപാടികൾ കൂടുതൽ ഊർജിതമാക്കുന്നതിന് പതിനൊന്നംഗ ആക്ഷൻ കൗൺസിൽ തിരഞ്ഞെടുത്തു. കേരള കാത്തലിക് ആക്ഷൻ കൗൺസിൽ എന്ന് നാമകരണം ചെയ്തിരിക്കുന്ന ആക്ഷൻ കൗൺസിലിൽ 1. ശ്രീ. ജോൺ കച്ചിറമറ്റം 2. അഡ്വ. ആന്റണി അമ്പാട്ട് 3. അഡ്വ. ജോസ് വിതയത്തിൽ 4. അഡ്വ. ചാർളി പോൾ 5. ശ്രീ. യേശുദാസ് പറപ്പിള്ളി 6. ശ്രീ. ഇജി പറപ്പാട്ട് 7. ശ്രീമതി ലിസി ജോസ് 8. ശ്രീ. ചാക്കോച്ചൻ ഞാവള്ളിൽ 9. ശ്രീ ജോസ് ഒഴുകയിൽ 10. ശ്രീമതി ലില്ലി ജോസ് കല്ലറയ്ക്കൽ 11. ശ്രീ. ജോസ് പുതിയാപറമ്പിൽ എന്നിവർ അംഗങ്ങളാണ്.

ഇന്റർ ചർച്ച് കൗൺസിലിന്റെ പ്രസിഡന്റ് മാർ ജോസഫ് പൗവ്വത്തിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ കേരള കാത്തലിക് ഫെഡറേഷന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോൺ കച്ചിറമറ്റം, കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഡെപ്യൂട്ടി സെക്രട്ടറി ഡോ. സ്റ്റീഫൻ ആലത്തറ എന്നിവർ വിഷയാവതരണം നടത്തി. സമാപനസമ്മേളനത്തിൽ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അധ്യക്ഷനായിരുന്നു. ഫാ. ജോസ് കോട്ടയിൽ, അഡ്വ. ജോസ് വിതയത്തിൽ, അഡ്വ. ആന്റണി അമ്പാട്ട്, വനിതാ കമ്മീഷൻ മുൻ അംഗം ലിസി ജോസ് തുടങ്ങിയവർ സംസാരിച്ചു. സമ്മേളനത്തിന്റെ പ്രമേയം അഡ്വക്കേറ്റ് ജോസ് വിതയത്തിൽ അവതരിപ്പിക്കുകയും യോഗം ഐക്യകണ്ഠേന പാസ്സാക്കുകയും ചെയ്തു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യോഗത്തിൽ അല്മായ സംഘടനകളുടെ എൺപതോളം സംസ്ഥാനനേതാക്കൾ പങ്കെടുത്തു.

## 03. അക്രമങ്ങളെ പ്രോത്സാഹിപ്പിക്കരുത്: കാതോലിക്കാബാവ (21-07-2008)

അക്രമങ്ങളെ ആരും പ്രോത്സാഹിപ്പിക്കുകയോ അവയ്ക്കു ഒത്താശ ചെയ്യുകയോ അരുതെന്നു മേജർ ആർച്ച്ബിഷപ് മാർ ബസോലിയോസ് ക്ലീമീസ് കാതോലിക്കാബാവ. അക്രമങ്ങൾ ഒന്നിനും പരിഹാരമല്ല. ക്ലസ്റ്റർ സമരവുമായി ബന്ധപ്പെട്ട് മലപ്പുറത്ത് ഒരു ജീവൻ പൊലിയാൻ ഇടയായത് അതീവ ദുഃഖവും ആശങ്കയും ഉളവാക്കുന്നു. ആ കുടുംബത്തിന്റെ വേദനയിൽ ഹൃദയപൂർവം താനും പങ്കുചേരുന്നുവെന്ന് ബാവ പറഞ്ഞു. ജയിംസ് അഗസ്റ്റിന്റെ മരണത്തെ സംബന്ധിച്ച് സമഗ്രവും സത്യസന്ധവും നിഷ്പക്ഷവുമായ അന്വേഷണം ഉണ്ടാവണം. യഥാർഥ കുറ്റവാളികൾക്കെതിരെ നടപടി വേണം. ഇത്തരം സംഭവങ്ങൾ ഒരു കാരണവശാലും ആവർത്തിക്കരുത്.

മരണത്തെ ആഘോഷമാക്കി രാഷ്ട്രീയ മുതലെടുപ്പു നടത്തുന്നവർ, ഈ ഹീന നീക്കത്തിൽ നിന്നും പിന്മാറണം.സാമൂഹ്യതിന്മകൾക്കെതിരേ മഹാത്മജി പഠിപ്പിച്ചുതന്ന സത്യഗ്രഹ രീതി ഇന്നും പ്രസക്തമായ സമരമുറയാണ്. നിരാഹാര സമരത്തിലൂടെ സാമൂഹ്യ പ്രശ്നങ്ങളെ ജനങ്ങൾക്കു മുന്നിലെത്തിക്കുന്നവരെ ആക്രമിക്കുന്നതും ആ അക്രമം ആഘോഷമാക്കുന്നതും ഏതു പ്രസ്ഥാനം നടത്തിയാലും അത്യന്തം നിന്ദ്യമായ പ്രവർത്തിയാണ്.സമരങ്ങളെ പോലീസിനെ ഉപയോഗിച്ച് നേരിടേണ്ട സർക്കാർ, പാർട്ടി സംവിധാനങ്ങളെ ഉപയോഗിച്ചു സമരക്കാരെ നേരിടുന്നത് അത്യാപത്തകരമാണെന്നും അദ്ദേഹം പറഞ്ഞു

**04. സർക്കാരിൽ നിന്നുള്ള തിക്താനുഭവങ്ങളെ ചെറുക്കാൻ കെആർഎൽസിസി തീരുമാനം**

(Manorama 14-07-2008)

ഇടതുമുന്നണി സർക്കാരിൽ നിന്നു നിരന്തരമായുള്ള തിക്താനുഭവങ്ങളെ ശക്തമായി പ്രതിരോധിക്കാനും സമകാലിക യാഥാർഥ്യങ്ങൾക്കൊത്ത രാഷ്ട്രീയ സമീപനങ്ങളിലേക്കു നീങ്ങാനും കേരള റീജൻ ലാറ്റിൻ കാത്തലിക് കൗൺസിലി(കെആർഎൽസിസി)ന്റെ 12–ാമത് ജനറൽ അസംബ്ലി തീരുമാനിച്ചു. വിദ്യാഭ്യാസം, സംവരണം, ന്യൂനപക്ഷാവകാശങ്ങൾ, സുനാമി ദുരിതാശ്വാസം തുടങ്ങിയ കാര്യങ്ങളിൽ ഇടതുസർക്കാരിൽ നിന്ന് ഉണ്ടാവുന്ന രൂക്ഷമായ അവഗണന വിലയിരുത്തിയ അസംബ്ലി, ഇവയ്ക്കെതിരെ പ്രതികരിക്കാൻ രാഷ്ട്രീയകാര്യ സമിതിയെ ചുമതലപ്പെടുത്തിയെന്നു കെആർഎൽസിസി പ്രസിഡന്റ് വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ഡാനിയൽ അച്ചാരുപറമ്പിലും കൊച്ചി ബിഷപ് ഡോ. ജോൺ തട്ടുങ്കലും അറിയിച്ചു.

പാഠപുസ്തകങ്ങളിലൂടെ ഈശ്വര നിഷേധവും മതവിരോധവും ചരിത്ര തമസ്കരണവും നടത്തുന്നതിനെ ചെറുക്കും. ദൈവവിശ്വാസം തകർക്കുകയും കുടുംബഭദ്രതയെ ചോദ്യം ചെയ്യുകയും ധാർമികമൂല്യങ്ങളെ നശിപ്പിക്കുകയും ചെയ്യുന്ന പുസ്തകം പിൻവലിക്കുംവരെ സമരരംഗത്തു തുടരും. സഭയുടെ പാരമ്പര്യം അനുസരിച്ചു തികഞ്ഞ അക്കാദമിക സത്യസന്ധതയോടെ ചരിത്രവും സാമൂഹികപാഠവും പഠിപ്പിക്കും. ലത്തീൻ രൂപതകൾ 27നു പ്രാർഥന – ഉപവാസ ദിനമായി ആചരിക്കും. പാഠപുസ്തകത്തിൽ പിഴവുകൾ ഉണ്ടാകാമെന്നു സമ്മതിക്കാൻ തയാറായ വിദ്യാഭ്യാസമന്ത്രി എം.എ. ബേബി സാങ്കേതികത്വങ്ങളിൽ കടിച്ചുതൂങ്ങാതെ വിവാദപുസ്തകം ഉടൻ പിൻവലിക്കുകയാണു വേണ്ടത്. ഇതര പിന്നാക്ക വിഭാഗങ്ങൾക്കൊപ്പം ഇടതും വലതുമല്ലാത്ത രാഷ്ട്രീയസാധ്യതയെക്കുറിച്ചും ആരായണമെന്ന അഭിപ്രായവും ജനറൽ അസംബ്ലിയിൽ ഉയർന്നു.

ഇക്കാര്യവും രാഷ്ട്രീയകാര്യസമിതി പരിഗണിക്കും. കോളജുകളിലെ പ്രവേശനത്തിനു ലത്തീൻ സമുദായത്തിനുണ്ടായിരുന്ന രണ്ടു ശതമാനം സംവരണം ഒന്നായി കുറച്ചതു പുനഃസ്ഥാപിക്കണം. സ്ത്രീശാക്തീകരണം ലക്ഷ്യമിട്ടു ജനറൽ അസംബ്ലി വനിതാ സംഘടനയ്ക്കു രൂപം നൽകി. വനിതകളെ പൊതുരംഗത്തേയ്ക്കു കൊണ്ടുവരാനും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാനും വിവിധ കർമപദ്ധതികൾ രൂപീകരിച്ചതായി അവർ അറിയിച്ചു. കെആർഎൽസിസി പ്രസിഡന്റായി ഡോ. ഡാനിയൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റായി ഡോ. വിൻസന്റ് സാമുവൽ, ജനറൽ സെക്രട്ടറിയായി ഫാ. സ്റ്റീഫൻ ജി. കുളക്കായത്തിൽ എന്നിവർ തുടരും. സെക്രട്ടറിമാരായി ഷാജി ജോർജ് (വരാപ്പുഴ), ജെയിൻ ആൻസൽ ഫ്രാൻസിസ് (കൊല്ലം), ട്രഷററായി പ്രഫ. എസ്. റെയ്മൺ (തിരുവനന്തപുരം) എന്നിവരെ തിരഞ്ഞെടുത്തു. കേരളത്തിലെ 11 ലത്തീൻ രൂപതകളിലെ മെത്രാന്മാരും വൈദിക – സന്യസ്ത – അൽമായ പ്രതിനിധികളും വിവിധ സംഘടനാ ഭാരവാഹികളും മൂന്നു ദിവസമായി തുടരുന്ന അസംബ്ലിയിൽ പങ്കെടുത്തു.

**05. അധ്യാപകൻ മരിക്കാനിടയായ സംഭവത്തിൽ കർദിനാൾ മാർ വർക്കി വിതയത്തിൽ അനുശോചിച്ചു** (21-07-2008)

അധ്യാപകൻ മരിക്കാനിടയായ സംഭവത്തിൽ സീറോ മലബാർ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ അനുശോചനം രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർഥിക്കുകയും കുടുംബാംഗങ്ങളോടുള്ള അഗാധമായ അനുശോചനം അറിയിക്കുകയും ചെയ്യുന്നതായി മാർ വർക്കി വിതയത്തിൽ അറിയിച്ചു.പാഠപുസ്തങ്ങളുടെ വിയോജിപ്പും വിമർശനവും പൂർണമായും ജനാധിപത്യപരമായ മാർഗങ്ങളിലൂടെയാണ് നടത്തേണ്ടത്. വിമർശനവും വിയോജിപ്പും അഹിംസാത്മകമായും സാംസ്കാരികമായും നടത്തുന്ന പക്വതയാർന്ന ജനാധിപത്യമായി നമ്മുടെ സംസ്ഥാനം മാറണം. പാഠപുസ്തകത്തിന്റെ പേരിൽ വ്യക്തികളുടെ ജീവനും സ്വത്തിനും ഹാനികരമായി ഒന്നും ഉണ്ടാകരുത്. ഈ വിവാദം പരസ്പരം മുറിപ്പെടുന്ന ശൈലികളിലേക്ക് മാറാതെ എത്രയും വേഗം പരിഹരിക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.